ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യ താമസവും ഭക്ഷണവും നൽകിവരുന്ന 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളാണ് കേരളത്തിലുള്ളത്. അതിലൊന്നാണ് ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ. പുതിയ കെട്ടിടത്തിന്റെ നിർമ്മാണം മൂന്ന് മാസംകൊണ്ട് പൂർത്തീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ അടുത്ത അദ്ധ്യയന വർഷം മുതൽ പുതിയ സ്കൂൾ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ ഹോസ്റ്റലിൽ താമസിച്ച് പഠിക്കണമെന്ന നിബന്ധനയിൽ ഇളവ് വരുത്തി ഡേ സ്കോളറായി പ്രവേശിപ്പിക്കണമെന്നുള്ള കാര്യം അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ട്. അവരുടെ അഭിപ്രായം അറിഞ്ഞതിനുശേഷമായിരിക്കും ഇതിൽ അന്തിമ തീരുമാനമെടുക്കുക.

(6) തൃശ്ശൂർ ജില്ലയെ വരൾച്ച ബാധിത ജില്ലയായി പ്രഖ്യാപിക്കാൻ നടപടി

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, തൃശ്ശൂർ ജില്ലയിലെ 30,000 ഏക്കർ വരുന്ന കോൾ കാർഷിക മേഖല ഇന്ന് വരൾച്ചയുടെ ഒരു വലിയ ബുദ്ധിമുട്ടിൽ അകപ്പെട്ടിരിക്കുകയാണ്. കൊയ്ത്ത് ആരംഭിക്കാൻ ഏതാനും ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളൂ. പീച്ചി ഡാമിലെ വെള്ളമാണ് തൃശ്ശൂരിലെ കാർഷികാവശ്യങ്ങൾക്കും കുടിവെള്ളത്തിനും ഉപയോഗിച്ചിരുന്നത്. പീച്ചി ഡാം വറ്റിവരണ്ടു കഴിഞ്ഞിരിക്കുകയാണ്. ജില്ലയിലെ മൊത്തം കുളങ്ങളും കിണറുകളും വറ്റിക്കഴിഞ്ഞു. പല ഘട്ടങ്ങളിലായി ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സംസാരിച്ചിരുന്നു. ഏഴ് ജില്ലകളെ വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചിരുന്നു. പക്ഷേ അതിൽ തൃശ്ശൂർ ജില്ല ഉൾപ്പെട്ടില്ല. അതുകൊണ്ട് തൃശ്ശൂർ ജില്ലയെ രക്ഷിക്കാൻ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്ന് റവന്യൂ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, കേരളം മുഴുവൻ വരൾച്ചയുടെ പിടിയിലാണ്. തൃശ്ശൂർ ജില്ല മുഴുവൻ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ച് കഴിഞ്ഞിരിക്കുന്നു. തൃശ്ശൂർ ജില്ലയ്ക്ക് മാത്രമായി ഏഴര കോടി രൂപ കലാമിറ്റി റിലീഫായി അലോട്ട് ചെയ്തിട്ടുണ്ട്. 50 ലക്ഷം രൂപ കുടിവെള്ളത്തിനും 25 ലക്ഷം രൂപ കൃഷിനാശത്തിനും അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ ഉടനടി അന്നവാരി പ്രഖ്യാപനം നടത്തുക,

LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ളത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾക്കു പുറമേ പുതിയ പൈപ്പ് ലൈനുകൾ, കുളങ്ങൾ, കുഴൽ കിണറുകൾ എന്നിവയുടെ നവീകരണം നടത്തുക, തുറന്ന ടാങ്കുകൾ, ഭൂഗർഭ ടാങ്കുകൾ എന്നിവയുടെ നിർമ്മാണം നടത്തുക, കൃഷിനാശം ഉടനടി തിട്ടപ്പെടുത്തി കർഷകർക്കുള്ള നഷ്ടപരിഹാരം നൽകുക എന്നിവയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

IV റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. എം. പി. ഗംഗാധരൻ: സർ, 2004 ജനുവരി 19-ാം തീയതി സഭയിൽ അവതരിപ്പിച്ച പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ പിന്താങ്ങുന്നു.

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു

V നിയമനിർമ്മാണ കാര്യം

(1) 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly